"ഭരണഭാഷ - മാതൃഭാഷ"

നം. ICDS A1/8965/20

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ :swdicds@gmail.com
തീയതി: 30.07.2020

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാപ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം : വനിത ശിശു വികസനവകുപ്പ് -അങ്കണവാടി സർവ്വീസസ് (ജനറൽ) - SOE സമയ ബന്ധിതമായി ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. 15.06.2020 .തീയതിയിലെ ICDS A1/ 7968/18 നമ്പർ പരിപത്രം
2 04.03.2020 തീയതിയിലെ ICDS A1/33984/20 നമ്പർ ഉത്തരവ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടി സർവ്വീസസ് (ജനറൽ)പദ്ധതിയുടെ SOE Eejeevika സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നതിനും SOE തയ്യാറാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയും സൂചന(1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. . SOE എല്ലാ മാസവും 8-ആം തീയതിയ്ക്കകം സമർപ്പിക്കുന്നതിനും ICDS കളിലെ SOE ജില്ലാ പ്രോഗ്രാം ഓഫീസർമാർ പരിശോധിച്ച് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇത്തരം ക്രമീകരണം Eejeevika സോഫ്റ്റ് വെയറിൽ വരുത്തുന്നതിന് കാലതാമസം വരുമെന്നുള്ളതിനാൽ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും ഏപ്രിൽ, മെയ്, ജൂൺ മാസത്തെ SOE നിലവിൽ ചെയ്തു വരുന്ന പ്രകാരം ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷം മുതൽ Monitoring & Evaluation ഘടകത്തിന് കീഴിൽ water, electricity, telephone, office expenses(others) തുടങ്ങിയ ഉപഘടകങ്ങളിൽ തുക രേഖപ്പെടുത്തേണ്ടതില്ലയെന്നും എന്നാൽ Monitoring & Evaluation ഘടകത്തിനായി പ്രത്യേകം തുക അനുവദിക്കുന്ന പക്ഷം ടി തുക ഉൾപ്പെടുത്താമെന്നും നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഭൂരിഭാഗം കാര്യാലയങ്ങളിലെയും റിപ്പോർട്ടിൽ പ്രസ്തുത ഘടകങ്ങളിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇത്തരം ചെലവുകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന് SOE യിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.

ആയതിനാൽ എല്ലാ ശിശു വികാസന പദ്ധതി ഓഫീസർമാരും, പ്രോഗ്രാം ഓഫീസർമാരും നിലവിൽ തയ്യാറാക്കിയിട്ടുള്ള SOE പരിശോധിച്ച് റിപ്പോർട്ടിൽ അപാകത ഉള്ളപക്ഷം ആയത് പരിഹരിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദേശങ്ങൾ പാലിച്ച് <u>03.08.2020</u> **<u>തീയതിയിൽ വൈകുന്നേരം 3 മണിയ്ക്കകം</u>** SOE സമർപ്പിക്കേണ്ടതാണ്.

1. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ Monitoring & Evaluation ഘടകത്തിന് കീഴിൽ water, electricity, telephone, others തുടങ്ങിയ ഉപഘടകങ്ങളിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
2. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം സൂചന(2) ഉത്തരവ് പ്രകാരം Monitoring & Evaluation ഘടകത്തിലേക്കായി അനുവദിച്ച തുക ട്രെഷറി ക്യൂവിൽ മാറ്റപ്പെട്ട് നടപ്പ് സാമ്പത്തിക് വർഷത്തിൽ മാറിയിട്ടുണ്ടെങ്കിൽ ടി തുക Eejeevika സോഫ്റ്റ് വെയറിൽ **Monitoring & Evaluation ഘടകത്തിൽ others** ഉപഘടകത്തിൽ ഉൾപ്പെടുത്താവുന്നതാണ്.
3. Eejeevika സോഫ്റ്റ് വെയറിൽ ഭേദഗതി വരുത്തുന്നത് വരെ ശിശു വികസന പദ്ധതി ഓഫീസർമാർ സമർപ്പിക്കുന്ന SOE പ്രോഗ്രാം ഓഫീസർമാർ പരിശോധിക്കേണ്ടതില്ല. എന്നാൽ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ നിശ്ചിത സമയ പരിധിക്കകം SOE സമർപ്പിച്ചിട്ടുള്ളതായി ഉറപ്പാക്കേണ്ടതാണ്.
4. 2020- ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ SOE വിവരങ്ങൾ ഏതാനും കാര്യാലയ മേധാവികൾ സമർപ്പിച്ചിട്ടില്ലാത്തതായി കാണുന്നു (പട്ടിക ഉള്ളടക്കം ചെയ്യുന്നു). തുടർന്നും SOE നിശ്ചിത സമയപരിധിക്കകം സമർപ്പിക്കാത്തിരിക്കുന്ന പക്ഷം കാര്യാലയ മേധാവിക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

**SOE Incomplete report for the month of APRIL( 2020-21)**

| Sl No | Name |
|---|---|
| 1 | Athiyannur |
| 2 | Mankada |
| 3 | Kasargod |
| 4 | Karadukka Additional |
| 5 | Tuneri |

**SOE Incomplete report for the month of MAY( 2020-21)**

| Sl No | Name |
|---|---|
| 1 | Athiyannur |
| 2 | Vamanapuram Additional |
| 3 | Mankada |
| 4 | Tuneri |

**SOE Incomplete report for the month of JUNE( 2020-21)**

| Sl No | Name |
|---|---|
| 1 | Athiyannur |
| 2 | Nedumangadu Additional |
| 3 | Parassala |
| 4 | Thiruvananthapuram-Urban-IV |
| 5 | Vamanapuram Additional |
| 6 | Vellanadu Additional |
| 7 | District ICDS Cell, Thiruvananthapuram |
| 8 | Elanthur |
| 9 | Konni |
| 10 | Mallapally |
| 11 | Pampady |
| 12 | Nedumkandam |
| 13 | Angamali |
| 14 | Mankada |
| 15 | District ICDS Cell, Malappuram |
| 16 | Panur |
| 17 | Iriitty |
| 18 | Tuneri |
| 19 | Chelannur |